**കാർഷിക വികസന കർഷക ക്ഷേമവകുപ്പ് ഡയറക്ടറുടെ നടപടിക്രമം.**
**കാർഷിക വികസന കർഷക ക്ഷേമവകുപ്പ് ഡയറക്ടറുടെ കാര്യാലയം,തിരുവനന്തപുരം**
**(ഹാജർ - ഡോ. പി.കെ. ജയശ്രീ. ഐ.എ.എസ്)**

വിഷയം :- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ ക്ലാർക്ക് തസ്തികയുടെ 10% ഒഴിവുകളിലേക്ക് ലാസ്റ്റ് ഗ്രേഡ്/സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്ക് തസ്തികമാറ്റം വഴി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- (1) സർക്കാർ ഉത്തരവ് (പി) നമ്പർ.1/2014/ഉ.ഭ.പ.വ തീയതി: 03/01/2014.
(2) സർക്കാർ ഉത്തരവ് (പി) നമ്പർ 21/2014/ഉ.ഭ.പ.വ തീയതി: 19/07/2017.
(3) സർക്കാർ ഉത്തരവ് (പി) നമ്പർ 16/2015/ ഉ.ഭ.പ.വ തീയതി: 28/05/2015.
(4) ഈ കാര്യാലയത്തിലെ 10/01/2019 ലെ എസ്.എച്ച് (1) 12376/2014 നമ്പർ ഉത്തരവ്
(5) ഈ കാര്യാലയത്തിലെ 22/2/19 ലെ ഇതേ നമ്പർ ഉത്തരവ്
(6) ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രിൻസിപ്പൽ ഇൻ ഓഫീസറുടെ 20/3/19 ലെ ഇ 2698/18 നമ്പർ കത്ത്
(7) ആർ.റ്റി.റ്റി.സി വെള്ളായണി റിസർച്ച് അസിസ്റ്റന്റിന്റെ 10/4/19 ലെ ആർ.ഇ(1)56/19 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ എസ്.എ.(1)50672/17 തീയതി: 13-05-19**

വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി ക്ലാർക്ക് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനത്തിലേക്ക് അതാത് വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടേയും എൻട്രി കേഡറിലെ സീനിയോരിറ്റിയുടെയും അടിസ്ഥാനത്തിൽ അതാത് വകുപ്പുകളിലെ എൽ.ഡി ക്ലാർക്ക് തസ്തികകളിലേക്ക് തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് പരാമർശം 1,2,3 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ ക്ലാർക്ക് തസ്തികയിലുണ്ടാകുന്ന ഒഴിവുകളുടെ 10% ഒഴിവുകളിലേക്ക് തസ്തികമാറ്റം മുഖേന നിയമനം നടത്തുന്നതിനായി തയ്യാറാക്കിയ പരാമർശം (4) പ്രകാരമുള്ള സംസ്ഥാനതല മുൻഗണനാ പട്ടികയിൽ നിന്നും 8 ജീവനക്കാർക്ക് തസ്തികമാറ്റം വഴി ക്ലാർക്ക് തസ്തികയിലേക്ക് നിയമനം നൽകി പരാമർശം (5) പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവിൽ ഉൾപ്പെട്ട ശ്രീ. എ. പ്രസാദ് ,മെക്കാനിക്ക്, കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം കോഴിക്കോട്, ശ്രീ. രാജേന്ദ്രൻ.എം, സ്റ്റോർ ഇൻ ചാർജ്ജ്, കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം തൃശ്ശൂർ എന്നിവർ നാളിതുവരെയായിട്ടും ജോലിയിൽ പ്രവേശിച്ചിട്ടില്ല എന്ന് പരാമർശം (6),(7) പ്രകാരം ബന്ധപ്പെട്ട ഓഫീസ് മേലധികാരികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ ടി ഒഴിവുകളിലേയ്ക്ക് പരാമർശം (4)ലെ പട്ടികയിലെ മുൻഗണനാ ക്രമത്തിൽ ജീവനക്കാർക്ക് ചുവടെ ചേർക്കും പ്രകാരം തസ്തികമാറ്റം വഴി ക്ലാർക്ക് തസ്തികയിൽ 19000-43600 ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി നിയമിച്ചുത്തരവാകുന്നു.

| ക്രമ നം. | നിയമനം നൽകുന്ന ജീവനക്കാരന്റെ പേര് | അന്തിമ സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ | നിലവിൽ വഹിക്കുന്ന തസ്തിക | നിലവിൽ ജോലി ചെയ്യുന്ന കാര്യാലയം | ക്ലാർക്ക്തസ്തികയിൽ തസ്തികമാറ്റം വഴി നിയമനം നൽകുന്ന കാര്യാലയം |
|---|---|---|---|---|---|
| 1 | സുരേഷ്.ഡി | 44 | ലാബ് അസിസ്റ്റന്റ് I | പെസ്റ്റിസൈഡ് ടെസ്റ്റിംഗ് ലാബ്, പാറോട്ടുകോണം | കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം |
| 2 | സുരേന്ദ്രൻ.സി | 45 | ലാബ് അസിസ്റ്റന്റ് | BMFC, കഴക്കൂട്ടം | ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം |

ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം മേൽപ്പറഞ്ഞ ജീവനക്കാർ ബന്ധപ്പെട്ട ഓഫീസ് മേധാവി മുമ്പാകെ ജോലിക്ക് ഹാജരാകേണ്ടതാണ്. ഏതെങ്കിലും ജീവനക്കാരൻ യഥാസമയം ജോലിക്ക് ഹാജരാകാത്തപക്ഷം ടിയാളുടെ നിയമനം റദ്ദാക്കുകയും മുൻഗണനാ ക്രമത്തിൽ അടുത്ത ജീവനക്കാരന് നിയമന ഉത്തരവ് നൽകുന്നതുമായിരിക്കും. തസ്തികമാറ്റം വഴി നിയമനം ലഭിക്കുന്ന ഉദ്യോഗസ്ഥൻ പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നത് മുതൽ തുടർച്ചയായ 3 വർഷത്തിൽ 2 വർഷക്കാലം പ്രൊബേഷനിലായിരിക്കും. ബന്ധപ്പെട്ട മേലധികാരികൾ ടി ജീവനക്കാർ ജോലിയിൽ പ്രവേശിച്ച വിവരം യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്**

പകർപ്പ് :-

1. പ്രിൻസിപ്പൽ കൃഷി ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം
2. കൃഷി ഡെപ്യൂട്ടി ഡയറക്ടർ,പി.റ്റി.എൽ,പാറോട്ടുകോണം,തിരുവനന്തപുരം
3. കൃഷി അസിസ്റ്റന്റ് ഡയറക്ടർ, BMFC, കഴക്കൂട്ടം
4. കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഐ.റ്റി.സെൽ) ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
5. കരുതൽ ഫയൽ/അധികം

la.7.5.19